**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 676** | **06-12-2022 - ൽ മറുപടിയ്ക്ക്**

**വ്യവസായ വകുപ്പിന് കീഴിലുളള നിക്ഷേപം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന് കീഴിൽ എത്ര രൂപയുടെ നിക്ഷേപം എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്; ഇതുവഴി ലഭിച്ച തൊഴിലവസരങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ? | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വാണിജ്യ ഡയറക്ടേറ്റിന് കീഴിൽ സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയിൽ നാളിതു വരെ ആരംഭിച്ച 1,11,936 സംരംഭങ്ങൾ വഴി 7,487 കോടി രൂപയുടെ നിക്ഷേപം എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതുവഴി ആകെ 2,65,813 തൊഴിലവസരങ്ങൾ ലഭ്യമായിട്ടുണ്ട്.<br><br>ഈ കാലയളവിൽ കെ.എസ്.ഐ.ഡി.സി. -യുടെ സാമ്പത്തിക സഹായം ലഭ്യമാക്കിയ പദ്ധതികൾ മുഖേന ഏകദേശം 1221.92 കോടി രൂപയുടെ നിക്ഷേപവും 4494 തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>കിൻഫ്രയുടെ വിവിധ വ്യവസായ പാർക്കുകളിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് 250 വ്യവസായ സംരംഭകർക്ക് ഭൂമി അലോട്ട് ചെയ്ത് നൽകിയിട്ടുണ്ട്. സംരംഭകർ നൽകിയ പ്രോജക്റ്റ് റിപ്പോർട്ട് പ്രകാരം സംരംഭങ്ങൾ പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാകുമ്പോൾ 1713 കോടി രൂപയുടെ നിക്ഷേപവും 22,500 തൊഴിലവസരങ്ങളും സൃഷ്ടിക്കുമെന്ന് കരുതുന്നു. |

സെക്ഷൻ ഓഫീസർ